നം. ഇ.എക്സ്.എ(4)/52000/2023/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,തീയതി: 29/04/2024.

## പരിപത്രം

വിഷയം:- എൽ.എസ്.എസ് പരീക്ഷ ഫെബ്രുവരി 2024- ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1. 13.12.2023 തീയതിയിലെ ഇ.എക്സ്/എച്ച് (1) 48000/2023/സി.ജി.ഇ. നമ്പർ വിജ്ഞാപനം.
2. 20.02.2024 ലെ ഇ.എക്സ്/എ (4)/52000/2023/സി.ജി.ഇ. നമ്പർ പരിപത്രം (സർക്കുലർ).

.........

2024 ഫെബ്രുവരി 28 ന് നടന്ന എൽ.എസ്.എസ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗികവെബ്സൈറ്റായ www.pareekshabhavan.kerala.gov.in–ൽ **02.05.2024** മുതൽ **10.05.2024** ഉച്ചയ്ക്ക് 02.00 മണിവരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിന്റൗട്ടും അപേക്ഷാ ഫീസും സ്കൂൾ പ്രഥമാദ്ധ്യാപകൻ മുഖേന ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസഓഫീസർക്ക് **13.05.2024** ന് വൈകുന്നേരം 04.00 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പറിന് 200/-രൂപ (പേപ്പർ ഫസ്റ്റിന് 100 രൂപ, പേപ്പർ സെക്കന്റിന് 100 രൂപ) എന്ന നിരക്കിലാണ് ഫീസ് അടയ്ക്കേണ്ടത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. **13.05.2024** ന് **ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.**

പുനർമൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അവരിൽ നിന്നും ഫീസ് ആയി സ്വീകരിച്ച (200രൂപ) തുക മടക്കി നൽകേണ്ടതും, ബാക്കി തുക സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത്, സൂപ്രണ്ട് എ-സെക്ഷൻ പരീക്ഷാഭവൻ, പൂജപ്പുര തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അയച്ചുനൽകേണ്ടതുമാണ്.

### ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കുള്ളചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയശേഷം അപേക്ഷകർ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന അന്നുതന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഓൺലൈൻ വെരിഫിക്കേഷൻ നടത്തിയതിന് ശേഷമാണ് ടി ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തേണ്ടത്. **ഓൺലൈൻ വെരിഫിക്കേഷൻ 13.05.2024 വൈകുന്നേരം 04.00 മണിക്ക് തന്നെ പൂർത്തിയാക്കേണ്ടതും വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ പ്രിന്റൗട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ Countersign ചെയ്ത് ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.** പരീക്ഷാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയത്തിനായി സ്വീകരിച്ച ഫീസ്, പുനർമൂല്യനിർണ്ണയത്തിലൂടെ സ്കോളർഷിപ്പ് ലഭിച്ച കുട്ടിയ്ക്ക് തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

**എ.ഇ.ഒ.മാർ അപേക്ഷ വെരിഫൈ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. AEO Home login ചെയ്തശേഷം Revaluation Verification Menu വിൽ പ്രവേശിച്ച് പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി View Application ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷകളുടെ ലിസ്റ്റ് ലഭ്യമാകും.
2. ഓരോ ആപ്ലിക്കേഷനിലും ഉള്ള View Application ബട്ടൺ ക്ലിക്ക് ചെയ്താൽ ആപ്ലിക്കേഷന്റെ വിശദവിവരങ്ങൾ കാണാം. ഈ വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ച വിവരങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെട്ടാൽ വെരിഫൈ Application എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പണം പൂർത്തിയാക്കാവുന്നതാണ്.
3. ApplicationVerification പൂർത്തിയാക്കിയശേഷം AEO Home login ലെ Menu list-ൽ നിന്നും Revaluation Verify list എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ Revaluation അബ്സ്ട്രാക്റ്റ് റിപ്പോർട്ട് ലഭ്യമാണ്.
4. അപേക്ഷകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ എ.ഇ.ഒ.മാർ ഓൺലൈൻ വെരിഫിക്കേഷൻ നടത്തി തീർക്കേണ്ടതാണ്. 13.05.2024 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് എല്ലാ അപേക്ഷകളും പരിശോധിച്ച് വെരിഫിക്കേഷൻ നടത്തേണ്ടതാണ്.

**സെക്രട്ടറി**

പകർപ്പ്:-

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. സിസ്റ്റംമാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)